# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4121 — 26.06.2013 -ൽ മറുപടിക്ക്.

### വേതന സുരക്ഷാ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി. ദിവാകരൻ : | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) സ്വകാര്യ മേഖലയിലെ ജീവനക്കാർക്ക് മെച്ചപ്പെട്ട വേതനം ഉറപ്പാക്കുന്ന വേതന സുരക്ഷാ പദ്ധതി' നടപ്പിലാക്കിയിട്ടുണ്ടോ; | (എ) നടപ്പിലാക്കുന്നതിനുള്ള നടപടി ക്രമങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. |
| (ബി) വേതന സുരക്ഷ ഉറപ്പാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ ? | (ബി) തൊഴിൽ വകുപ്പിൻെറ നൂതന ഇ - ഗവർണൻസ് സംരംഭമായി കെൽട്രോണിലെ ഐ. റ്റി. ബിസിനസ് ഗ്രൂപ്പിലെ സോഫ്റ്റ് വെയർ ഡെവലപ്പ്മെൻറ് വിഭാഗം നടപ്പിലാക്കിയ ലേബർ കമ്മീഷണറേറ്റ് ആട്ടോമേറ്റഡ് സിസ്റ്റം (എൽ. സി. എ. എസ്) എന്ന സോഫ്റ്റ്വെയറിൽ ഒരു പുതിയ ഘടകമായി ഇ- പേയ്മെൻറ് സോഫ്റ്റ് വെയർ കൂടെ സംയോജിപ്പിച്ച് വേതന സുരക്ഷാ പദ്ധതി നടപ്പാക്കുന്നതിനായി ഒരു കരട് പ്രൊപ്പോസൽ കെൽട്രോണിൽ നിന്നും ലേബർ കമ്മീഷണറേറ്റിൽ ലഭിച്ചിട്ടുണ്ട്. ഈ പ്രൊപ്പോസൽ പരിശോധിച്ച് വരികയാണ്. മുൻഗണന നൽകി ഈ പദ്ധതി സമയബന്ധിതമായി നടപ്പാക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ആഫീസർ.